QP – 091

23

# III Semester B.A./B.Sc./B.C.A./B.Sc. (FAD) Degree Examination, March/April 2022
## (CBCS) (F+R) (2015 -16 and Onwards)
## MALAYALAM LANGUAGE (Part – I) (Paper – III)

St Claret College LIBRARY Bangalore 560013

Time : 3 Hours Max. Marks : 70

I. ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

1) ''കാറ്റു തൊട്ടാൽ പാട്ടുപാടുമീ മണിയെന്നു
നാട്ടുകാർ കുതുകമൊടണഞ്ഞു''.

2) ''തൊട്ടുപോയ് കാറ്റെങ്കിലുണരുന്ന നിന്നെ ഞാൻ
തൊട്ടെന്റെ കണ്ണിൽ വെയ്ക്കട്ടേ''.

3) ''അംബ ഹിമാചല തുംഗ കിരീടിനി
നിന്നഭിമാനം വെൽക''.

4) ''ഒറ്റ വെടിയാൽ തകർക്കാത്തതെ,ന്തിനി –
യെത്രമേലെത്രമേൽ നേരം ?''

5) ''അവിടെ ഞാൻ മുടിയഴിഞ്ഞണിമലർക്കുല പൊഴി –
ഞ്ഞൊരു നാള്ള മാടിയിട്ടില്ല.''

6) കരയുന്ന ഗോകുലം മുഴുവനും, കൃഷ്ണ നീ
മഥുരയ്ക്കു പോകുന്നുവത്രേ.

II. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.
(**ഒന്നരപുറ**ത്തിൽ കവിയാതെ) **(2×6=12)**

1) 'അമ്പലമണി' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

2) 'ഒരു സ്വാതന്ത്ര്യദിനത്തിൽ' എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?

3) 'മുറിവേറ്റ സിംഹം' എന്ന കവിതയിലെ സിംഹത്തിന്റെ അവസ്ഥ – വിവരിക്കുക.

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.
(**ഒന്നരപുറ**ത്തിൽ കവിയാതെ) **(2×6=12)**

1) 'ഒരു മനുഷ്യൻ' എന്ന ചെറുകഥയുടെ സമകാലിക പ്രസക്തി വിവരിക്കുക.

2) മുത്തുവേടത്തിയുടെ സ്വഭാവം വിവരിക്കുക.

3) മിസ്സിസ്സ് നായരുടെ സ്വഭാവം വിവരിക്കുക.

P.T.O.

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക.
**(രണ്ടരപ്പുറ**ത്തിൽ കവിയാതെ) **(1×14=14)**

1) പരാജയത്തിലും ശൂരത വെടിയാത്ത പൗരുഷത്തിന്റെ പ്രതീകമാണ് 'മുറിവേറ്റ സിംഹം' – വിവരിക്കുക.
2) 'അമ്പലമണി' എന്ന കവിത പ്രതീകാത്മകമാണ് – വിവരിക്കുക.

V. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക.
**(രണ്ടരപ്പുറ**ത്തിൽ കവിയാതെ) **(1×14=14)**

1) 'ശബ്ദിക്കുന്ന കലപ്പ' – എന്ന ചെറുകഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.
2) 'രാച്ചിയമ്മ' – എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിവരിക്കുക.

VI. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **3**

ദശകങ്ങൾക്കു മുമ്പുമാത്രം ആവിർഭവിച്ച ഇൻഫർമേഷൻ വിപ്ലവത്തിന്റെ ഏറ്റവും ശക്തമായ സൃഷ്ടിയാണ് ഇന്റർനെറ്റ്. കമ്പ്യൂട്ടർ ശൃംഖലകളുടെ ശൃംഖല എന്ന പ്രാണനില്ലാത്ത നിർവചനം നിരർത്ഥകമായിരിക്കുന്നു. കമ്പ്യൂട്ടറുകളുടെ ശൃംഖലയിൽ നിന്ന് മനുഷ്യരുടെ ശൃംഖലയായി ഇന്റർനെറ്റ് രൂപാന്തരം പ്രാപിച്ചിരിക്കുകയാണ്. അക്ഷരങ്ങളും സംഭാഷണങ്ങളും വാണിജ്യവും ബാങ്കിങ്ങും ഷോപ്പിങ്ങും ഒക്കെ തിമിർത്ത് നടക്കുന്ന അമൂർത്തമായ, എന്നാൽ ജീവൻ തുടിക്കുന്ന പ്രതിഭാസമായി ഇന്റർനെറ്റ് ലോകജനതയെ ആവരണം ചെയ്തു കഴിഞ്ഞു. ഈ ഇന്ദ്രജാലം കണ്ട് അത്ഭുതസ്തബ്ധരായി നിൽക്കുന്നവരാണ് ജനങ്ങളിലേറെയും. എന്നാൽ ഈ അനന്ത വൃത്താന്ത സാഗരത്തിൽ സ്വച്ഛന്ദമായ കടലോരങ്ങളോടൊപ്പം ദുർഘടമായ നീർച്ചുഴികളുണ്ട് എന്നതാണ് വാസ്തവം.

VII. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കവിയേയും, കൃതിയേയും പരിചയപ്പെടുത്തുക. **3**

______________________